**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5991 — 08.07.2013 ൽ മറുപടിക്ക്

**ക്ഷീരസാഗരം പദ്ധതി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.പി.എ.മാധവൻ | ഡോ.എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ക്ഷീരസാഗരം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; | എ) ക്ഷീരസാഗരം പദ്ധതി സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ മുഖേന പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | ബി)കുടുംബശ്രീ വനിതകൾക്ക് മൃഗസംരക്ഷണം വഴി തൊഴിലും വരുമാനവും ഉറപ്പാക്കുക, സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കുക വഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ |
| സി) | ഈ പദ്ധതിക്കായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട് ; | സി) ഈ പദ്ധതിക്കായി പ്രത്യേകം തുക നീക്കി വച്ചിട്ടില്ല |
| ഡി) | പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | ഡി) പദ്ധതിക്കായി കന്നുകാലികളെ വാങ്ങുന്നത് പഞ്ചായത്തുകളിലെ വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിലാണ്. പദ്ധതിക്കായി വാങ്ങുന്ന കന്നുകാലികളെ ഇൻഷ്വറൻസ് ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയിൽ തീറ്റപ്പുൽകൃഷി നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നു. ഇതു കൂടാതെ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രത്യേക മാർഗ്ഗ നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ